# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.5048 — 23.03.2018 ലെ മറുപടി

## ജലസ്രോതസുകളിൽ തടയണ നിർമ്മാണം

**ചോദ്യം**

**ശ്രീ.പി.സി. ജോർജ്:**

(എ) സംസ്ഥാനത്തെ കടിവെള്ള ക്ഷാമം പരിഹരിയ്ക്കുന്നതിനും വരൾച്ച നേരിടാനും ജലസംരക്ഷണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ അനുയോജ്യമായ ആറുകൾ, തോടുകൾ, നദികൾ തുടങ്ങിയ ജലസ്രോതസുകളിലെല്ലാം തടയണ നിർമ്മിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിയ്ക്കുമോ;

**മറുപടി**

**മാത്യു ടി. തോമസ്**
**(ജലവിഭവ വകുപ്പുമന്ത്രി)**

(എ) സംസ്ഥാനത്ത് കുടിവെള്ള ലഭ്യത ഉറപ്പാക്കുക കാർഷികാവശ്യങ്ങൾക്കും പാരിസ്ഥിതിക ധർമ്മങ്ങൾക്കാവശ്യമായ ജലം ലഭ്യമാക്കുക എന്നീ ഉദ്ദേശ ലക്ഷ്യങ്ങളോടെ തടയണകൾ വി.സി.ബി / ആർ.സി.ബികൾ എന്നിവ നിർമ്മിക്കുന്നതിനുള്ള പ്രവൃത്തികൾ, (നബാർഡ് പദ്ധതി, ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ, പ്ലാൻ സ്കീം, സ്റ്റേറ്റ് ഫണ്ട്, കാസർഗോഡ് പാക്കേജ്) തുടങ്ങിയ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പാക്കി വരുന്നു.

കൂടാതെ റെഗുലേറ്ററുകളും തടയണകളും വഴി നദികളെത്തന്നെ ജലസംഭരണികളാക്കി മാറ്റി ഓരു വെള്ളക്കയറ്റ നിയന്ത്രണത്തിനും വേനൽക്കാലത്ത് വരൾച്ചയുടെ കാഠിന്യം കുറയ്ക്കുന്നതിനും, ജലക്ഷാമവും കുടിവെള്ളക്ഷാമവും പരിഹരിക്കാനും ഉതകുന്ന തരത്തിൽ വിവിധ നദികളിൽ ഉചിതമായ സ്ഥലങ്ങളിൽ റെഗുലേറ്ററുകൾ പ്രത്യേക നിക്ഷേപ പദ്ധതിയായ കിഫ്ബിയുടെ ധനസഹായത്തോടെ നിർമ്മിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | ഇതിലേക്കായി എല്ലാ ജില്ലകളിലും വകുപ്പിൽ നിന്നുതന്നെ ഒരു പ്രത്യേക ടീമിനെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | ഇക്കാര്യം പരിശോധിക്കാവുന്നതാണ്. |
| (സി) | സംസ്ഥാനത്തെ മിക്ക കുടിവെള്ള പൈപ്പുകളും കാലപ്പഴക്കം,ഗുണനിലവാരമില്ലായ്മ തുടങ്ങിയ കാരണങ്ങളാൽ നിരന്തരം പൊട്ടി കുടിവെള്ളം പാഴായി പോകുന്നതും ജനങ്ങൾക്ക് കുടിവെള്ളം ലഭിക്കാതിരിക്കുന്നതും കണക്കിലെടുത്ത് ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ? | (സി) | കാലപ്പഴക്കം കാരണം പൊട്ടുന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കാൻ സ്റേറ്റ് പ്ലാൻ, കിഫ് ബി, അമൃത് തുടങ്ങിയവയിൽ ഉൾപ്പെടുത്തി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പദ്ധതികൾ തയ്യാറാക്കി സമയ ബന്ധിതമായി മാറ്റി സ്ഥാപിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ